**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **04-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകൾ മുഖേന മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ റേഷൻ കടകൾ മുഖേന വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ കൂടി വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. റേഷൻ കടകളിലെ വൈവിദ്ധ്യവത്കരണത്തിനുള്ള നടപടികളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി കുപ്പിവെള്ളം, സപ്ലൈകോ ബ്രാൻഡായ ശബരി ഉത്പന്നങ്ങളിൽ ഉൾപ്പെടുന്ന തേയില, വെളിച്ചെണ്ണ, കായപ്പൊടി, ഉപ്പ്, കറിപൗഡർ, സോപ്പ്, അപ്പംപൊടി തുടങ്ങിയവ വിതരണം നടത്തുന്ന പദ്ധതി ആരംഭിച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപന പ്രതിരോധ നടപടികളുടെ ഭാഗമായി സപ്ലൈകോ വഴി ഭക്ഷ്യ കിറ്റുകളുടെ പാക്കിംഗും വിതരണവും നടത്തുന്നതിൽ കൂടുതൽ സമയം ചെലവഴിച്ചതും ശബരി ബ്രാൻഡ് ഉത്പന്നങ്ങളുടെ ലഭ്യതകുറവും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് അവരുടെ നാണ്യവിളകൾ വില്പന നടത്തുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ അവ റേഷൻ കടകൾ വഴി സംഭരിച്ച് വിപണനം നടത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ